അട്ടപ്പാടി കോ-ഓപ്പറേറീവ് ഫാമിംഗ് സൊസൈറ്റി

1445 [2184] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി കോ-ഓപ്പറേറീവ് ഫാമിംഗ് സൊസൈറ്റിയുടെ അധീനതയിൽ എത്ര ഏക്കർ ഭൂമി ഉണ്ട് ;

(ബി) ഈ ഭൂമിയിൽ എത്ര ആദിവാസി കുടുംബങ്ങളെ അധിവസിപ്പിച്ചിട്ടുണ്ട് ;

(സി) ഈ സഹകരണ ഫാമിംഗ് സംഘത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ എത്ര കയ്യേറക്കാർ ഉണ്ട് ;

(ഡി) എവിടെ എല്ലാം ;

(ഇ) ഇതിൽ പട്ടയം ലഭിച്ചിട്ടുള്ളവർ എത്ര ;

(എഫ്) ലഭിക്കാത്തവർ എത്ര ;

(ജി) ഈ സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ അധീനതയിലുള്ള ഭൂമിയിൽ ഇപ്പോഴും അനധികൃതമായി ആരൊക്കെ താമസിക്കുന്നു എന്നും എത്ര ഏക്കർ ഭൂമി അവർ കൈവശം വച്ചിരിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(എച്ച്) അവർ എന്നു മുതൽ അവിടെ താമസിക്കുന്നു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1040 ഹെക്ടർ.

(ബി) 282 കുടുംബങ്ങൾ.

(സി) 15 കുടുംബങ്ങൾ.

(ഡി) ചിണ്ടക്കി.

(ഇ) ഏഴു പേർ.

(എഫ്) എട്ടു കുടുംബങ്ങൾ

(ജി) വിവരം താഴെ കൊടുക്കുന്നു

1. മുഹമ്മദ് കുഞ്ഞലവി–0.0250 ഹെക്ടർ ഭൂമി
2. പാത്തുമ്മക്കുട്ടി മുഹമ്മദ്–1.0270 ഹെക്ടർ ഭൂമി
3. എ.വി. ഉമ്മർ–0.3130 ഹെക്ടർ ഭൂമി
4. റ്റി. അബൂബക്കർ 0.45750 ഹെക്ടർ ഭൂമി
5. കറുപ്പൻ–0.1650 ഹെക്ടർ ഭൂമി
6. രംഗൻ–0.3450 ഹെക്ടർ ഭൂമി
7. വെള്ള–0.2850 ഹെക്ടർ ഭൂമി.

(എച്ച്) വസ്തുക്കൾ സംഘത്തിന് ലഭിച്ച 1975 മുതൽ തന്നെ അവരുടെ കൈവശാനുഭവത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly